## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4984 **14/11/2019 ൽ മറുപടിക്ക്**

## സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ

**ചോദ്യം**

**ശ്രീ.സി.മമ്മൂട്ടി**
**,, അബ്ദുൽ ഹമീദ് പി.**
**,, എം. സി. കമറുദ്ദീൻ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 54.44% റീസർവ്വെ പൂർത്തിയായിട്ടുണ്ട്. ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ബാക്കി റീ-സർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | റീസർവ്വെ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.), ലാൻഡ് അസൈൻമെന്റ്, ലാൻഡ് അക്വിസേഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വെ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വെ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായിവരുന്ന ജീവനക്കാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് നൽകി വരുന്നതിനാലും, കൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രിയൽ, വക്കഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും, ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വെ പ്രവർത്തനങ്ങൾക്കും റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതിനാൽ സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയാക്കൽ കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല. |

| | | | |
|---|---|---|---|
| (സി) | റീ-സർവ്വേ നടപടികൾക്കായി ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പുറം കരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | റീ-സർവ്വെ നടപടികൾക്കായി ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും, സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വെ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും, വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും, സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി പുറം കരാർ നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ